എന്നോടു നിലവിളിക്കുന്നു

അപ്പോൾ കുരിശിങ്കൽ പറഞ്ഞു: വിവേകികളേ നിങ്ങൾ എന്നെ കേൾക്കുവിൻ. അറിവുള്ളവരേ, തിരുത്തൽരേഖ കൊണ്ട് മുറിവേറ്റ ഇവന്റെ വചനങ്ങൾക്കു ചെവി തരുവിൻ. എന്റെ ഹൃദയം അടച്ചുവെച്ച വീഞ്ഞുപോലെയായിരുന്നു ഇത്രയുംനാൾ. ഇപ്പോൾ എന്നിൽ വചനം നിറഞ്ഞിരിക്കുന്നു. ആശ്വസിപ്പാൻ എനിക്ക് തുറന്ന് സംസാരിക്കണം. നീതിമാനും നിർദോഷിയുമായ ഇവൻ ദുർവ്യത്തരുമായി ഇനി സംഘം ചേർന്ന് നടക്കയില്ല. വൈകിയാണെങ്കിലും വൈരുധ്യാധിഷ്ഠിത ഭൌതികവാദം കൊണ്ടു നടക്കുന്നവർ ദുർവ്യത്തരാണെന്ന് ഈയുള്ളവൻ തിരിച്ചറിഞ്ഞിരിക്കുന്നു. അവരോടൊപ്പം നടന്ന് പാതാളത്തിൽ പതിക്കാതെ പ്രാണൻ വീണ്ടെടുക്കാൻ കഴിഞ്ഞ ഈയുള്ളവന്റെ ഹൃദയപരമാർഥത വിളംബരം ചെയ്യുന്ന വചനങ്ങൾക്കു കാതോർക്കുവിൻ. കടലിനും കായലിനും മധ്യേ നീണ്ടുനിവർന്നു കിടക്കുന്ന കിഴക്കിന്റെ വെനീസാണ് എനിക്കു നീക്കിവെച്ച ദേശം. ആലപ്പുഴയുടെ ആകാശത്തിലെ എല്ലാ പറവകളെയും എനിക്കറിയാം. പ്രബല പുരുഷാരമുള്ള പാർട്ടിയോടൊപ്പം കഴിഞ്ഞത് അഞ്ചുകൊല്ലം. കണ്ണീരോടെ വിതയ്ക്കുന്നവൻ ആനന്ദാരവത്തോടെ കൊയ്യുന്ന കാലം വരുമെന്ന് അവരെപ്പോലെ ഞാനും കരുതി. അവരുടെ കൂടാരത്തിൽ നിത്യമായി വസിപ്പാൻ ഞാനോ വിചാരിച്ചിട്ടില്ല. അവരുടെ ചിറകിൻ കീഴിൽ അഭയം പ്രാപിക്കാൻ കാത്തിരുന്നതുമില്ല. അവരുടെ ഉള്ളം വരണ്ട നിലംപോലെ എനിക്കായി ദാഹിച്ചാറെ ഞാൻ അവിടേക്കു ചെന്നു. അവർ എന്നെ വിളിച്ചത് ആദർശത്തിന്റെ വെളുത്ത അങ്കിയണിഞ്ഞ് നാലുതവണ ലോക്സഭ കണ്ട സുധീരനെ തോൽപിക്കാൻ. പക്ഷി കാൺകെ വല വിരിക്കുന്നത് നിഷ്ഫലമാകയാൽ അവർ എന്നെ തേടിവന്നു. അഭയം അർഥിക്കുന്നവനുനേരെ മുഖം തിരിക്കുന്നത് നീതിമാന്റെ ലക്ഷണമല്ല. തേടുന്നവരെ ഉപേക്ഷിക്കുന്നതും ചിതമല്ല. അതുകൊണ്ട് ഞാൻ അവർക്കൊപ്പം നിന്നു. ബലവാനും ബലഹീനനുമിടയിൽ സഹായത്തിന് നിന്നെപ്പോലെ മറ്റാരുമില്ല എന്നവർ നിലവിളിച്ചു. അവരുടെ ഉപായങ്ങൾ എനിക്കറിയാമായിരുന്നു. ഞാൻ ലത്തീൻകത്തോലിക്ക സഭയുടെ കുഞ്ഞാട്. സഭയുടെ കുഞ്ഞാടുകൾ അനാദിയായ കാലം മുതൽക്കേ കോൺഗ്രസിനു വോട്ടുകുത്തി ശീലിച്ചവർ. എന്നിലൂടെ കുഞ്ഞാടുകളുടെ വോട്ടുകൾ കൈക്കലാക്കുകയായിരുന്നു അവരുടെ ഉപായം.

പോരിനിറങ്ങുമ്പോൾ കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ ആലപ്പുഴ രൂപത പ്രസിഡന്റായിരുന്നു. മൽസ്യത്തൊഴിലാളി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാമുദായിക സംഘടനാ നേതാവ് എന്ന നിലയിൽ മുന്നിട്ടിറങ്ങി. വി.എം. സുധീരൻ എന്ന ഉഗ്രസിംഹം ഇരകിട്ടാതെ നശിക്കണമെന്നായിരുന്നു അവരുടെ ചിന്ത. സർക്കാർ മെഡിക്കൽകോളജിലെ പണികളഞ്ഞ് പാർട്ടിയംഗം പോലുമല്ലാത്ത ഈയുള്ളവൻ ഗോദയിലിറങ്ങിയപ്പോൾ കോൺഗ്രസിലുള്ള നീതിമാന്മാർ അന്നു നെറ്റി ചുളിച്ചു. വടക്കുദേശത്ത് മനോജ് കുരിശിങ്കൽ എന്നു വിളിച്ച് അർത്തുങ്കൽ കുരിശിങ്കൽ വീട്ടിലെ കുഞ്ഞാടാണെന്ന് നാട്ടുകാരെ ഓർമപ്പെടുത്താൻ പാർട്ടിക്കാർ അന്ന് പ്രത്യേകം മനസ്സുവെച്ചു. തെക്കുദേശത്തെ മതേതരർക്കു വേണ്ടി ഡോ.കെ.എസ് മനോജ് എന്നു വിളിച്ചുകൊണ്ടും പ്രചാരണം നടത്തി. എങ്ങനെയായാലും ജയിക്കുമെന്ന സുധീരന്റെ പ്രത്യാശയെ ഒരു മരത്തെ എന്നപോലെ ഞാൻ പിഴുതെടുത്തുകളഞ്ഞു. ആയിരത്തി ഒമ്പത് വോട്ടിന് തോറ്റപ്പോൾ ആത്മാവിൽ കൊടിയ വ്യസനം വന്ന് സുധീരൻ കരഞ്ഞു കരഞ്ഞു കട്ടിൽ നനച്ചുവെന്നും കണ്ണീർ കൊണ്ട് കിടക്ക കുതിർത്തുവെന്നും ആ വിലാപ ശബ്ദത്തിൽ ആലപ്പുഴ വിറങ്ങലിച്ചുവെച്ചും ചരിത്രകാരന്മാർ എഴുതിവെച്ചത് വായിച്ചിരിക്കുമല്ലോ.

അങ്ങനെയാണ് ലോക്സഭയിലേക്ക് ജനങ്ങൾ വിധിച്ചതും ഉയരത്തിൽ ഉപവിഷ്ടനായതും. ധാന്യത്തിന്റെയും വീഞ്ഞിന്റെയും സമൃദ്ധിയിൽ ഉണ്ടാകുന്നതിലധികം ആനന്ദം അത് ഹൃദയത്തിൽ നിറച്ചു. മുഖസ്തുതി പറയുന്ന ചുണ്ടുകളെയും ആത്മ

പ്രശംസ നടത്തുന്ന നാവുകളെയും വെറുക്കുന്നു. എങ്കിലും ഹൃദയവിശാലത കാരണം ഒരു കാര്യം ഇവിടെ പറയാതിരിപ്പാൻ നിർവാഹമില്ല. നാവുകൊണ്ടു വാഴാവുന്ന ലോക്സഭയിൽ കൂടുതൽ ചോദ്യങ്ങൾ ചോദിച്ച സംസ്ഥാനത്തെ യുവ എം.പിമാരിൽ ഈ കുരിശിങ്കലിന്റെ സ്ഥാനം ഒന്നാമതായിരുന്നു. കുട്ടനാട് കാർഷിക പാക്കേജ്, ചേർത്തല റെയിൽവേ ബോഗി നിർമാണ യൂനിറ്റ്, ആലപ്പുഴ കുടിവെള്ളപദ്ധതി,എം.പി ഫണ്ടിന്റെ കൃത്യമായ ഉപയോഗം^എല്ലാം ഈയുള്ളവന്റെ നേട്ടങ്ങൾ. എന്റെ ചെയ്തികളെ ജനങ്ങളുടെ ഇടയിൽ വർണിക്കുവാൻ, എന്റെ പ്രഭാവത്തെ പാടി പ്രകീർത്തിക്കുവാൻ ഞാനാളല്ല. അതിന്റെ ഫലം എനിക്കു കിട്ടുക തന്നെ ചെയ്യും. ഉപകാരസ്മരണകൾ വേണ്ട വിധം കിട്ടാതിരുന്നില്ല. തുമ്പോളി ലോക്കൽ കമ്മറ്റിയംഗമായി. പാർട്ടി ജില്ലാ കമ്മിറ്റിയിലെടുക്കുകയോ ജില്ലാസമ്മേളന പ്രതിനിധിയാക്കുകയോ ചെയ്തില്ല. നല്ലവനും പരമാർഥിയുമാകയാൽ അതൊന്നും ചോദ്യം ചെയ്യാൻ പോയില്ല. വി.എസ് എന്ന കാലഹരണപ്പെടാത്ത പുണ്യാളന്റെ പ്രിയശിഷ്യൻ എന്ന പേരുദോഷം ഉണ്ടായിരുന്നു. പക്ഷേ, അൽപസ്വൽപം കൌശലം അറിയുന്നതുകൊണ്ടും ആ പാർട്ടിയിൽ അത് കൈവശംവെക്കേണ്ടത് ആവശ്യമായതുകൊണ്ടും രണ്ടു ഗ്രൂപ്പിനോടും തന്ത്രപരമായ അകലം പാലിച്ചു. അങ്ങനെയാണ് കഴിഞ്ഞ വർഷത്തെ ലോക്സഭാ തെരഞ്ഞെടുപ്പിൽ പിന്നെയും നറുക്കു വീണത്. സീറ്റു നിർണയചർച്ചയിൽ രണ്ടാമതൊരു പേരു വരാതിരിക്കാൻ മറ്റൊന്നും വേണ്ടായിരുന്നു.

എന്നിട്ടിപ്പോൾ നോക്കൂ, ഹൃദയപരമാർഥതയുള്ളവരെ ഇരുട്ടിൽ എയ്യുന്നതിനുവേണ്ടി ദുഷ്ടർ വില്ലു കുലച്ചിരിക്കുന്നു. ഞാണിന്മേൽ അമ്പു തൊടുത്തിരിക്കുന്നു. എന്റെ പാനപാത്രത്തിലെ പൊള്ളുന്ന കാറ്റായി ആ തിരുത്തൽരേഖ അവതരിച്ചിരിക്കുന്നു. അത് എന്റെ മേൽ കനൽക്കട്ടയും ഗന്ധകവും വർഷിക്കുന്നു. സൌമ്യശീലർക്കെതിരെ അവർ വ്യാജവചനങ്ങൾ ചമയ്ക്കുന്നു. പാർട്ടിയിൽ പ്രവർത്തിക്കുന്നവരുടെ മതവിശ്വാസത്തിന് അവർ വിലക്ക് ഏർപ്പെടുത്തിയിരിക്കുന്നു. ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്ത എനിക്ക് പാർട്ടി ഏർപ്പെടുത്തിയ വിലക്കിന്റെ ന്യായം പിടികിട്ടുന്നില്ല. വിശ്വാസവും പാർട്ടിനയങ്ങളും തമ്മിൽ ഒത്തു പോവുന്നില്ല. പാർട്ടിയുമായി ബന്ധപ്പെട്ടു ജീവിച്ച അഞ്ചുവർഷം ഒരു ദൈവവിളിയായി കണക്കാക്കുന്നു. ഇപ്പോൾ ഒരു പിന്മടക്കത്തിന്റെ കാലമാണ്. അനവധി വിശ്വാസികൾ പാർട്ടിയിൽ ഉണ്ട്. അവരുടെ പ്രശ്നം ഉയർത്തിക്കൊണ്ടു വരുന്നതിനു കൂടിയാണ് രാജി. അബ്ദുല്ലക്കുട്ടി ഉംറ നിർവഹിക്കാൻ മക്കയിൽ പോയതും വൈത്തീശ്വരനിലെ നാഡിജ്യോതിഷിയെ കണ്ടതും മത്തായിചാക്കോ അന്ത്യകൂദാശ സ്വീകരിച്ചിരുന്നുവെന്ന പള്ളിയുടെ വാദവും പാർട്ടി വെറുതെ തലവേദനയാക്കിയതാണ്. കാടാമ്പുഴ ദേവീക്ഷേത്രത്തിൽ ആഭ്യന്തരമന്ത്രി കോടിയേരി ബാലകൃഷ്ണന്റെ കുടുംബം പൂമൂടൽ കർമം നിർവഹിച്ചിട്ട് അധികകാലമായിട്ടില്ല. പ്രമാദമായ ആരോപണം തനിക്കെതിരെ ഉന്നയിച്ചതുപോലെയാണ് അന്ന് കോടിയേരി പ്രതികരിച്ചത്. ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കാമെന്ന് പറയുകയും ചെയ്തു. ജീവിതത്തിന്റെയും രാഷ്ട്രീയത്തിന്റെയും എല്ലാ തീക്ഷ്ണയാഥാർഥ്യങ്ങളിലൂടെയും കടന്നുപോകുന്നവരെന്ന നിലയിൽ പാരമ്പര്യമായി കൈവന്ന വിശ്വാസധാര അബോധതലത്തിൽ വഹിക്കുന്നവരാണ് കമ്യൂണിസ്റ്റുകാർ. അതൊരു കുറ്റമായി കാണാൻ കഴിയില്ല. ക്ലാസിക്കൽ കമ്യൂണിസത്തിന്റെ അയവില്ലാത്ത ഘടനയിൽനിന്ന് വ്യവസ്ഥാപിത ഇടതുപക്ഷം പുറത്തുവന്നിട്ട് കാലമേറെയായി. പ്രത്യയശാസ്ത്ര നിലപാടുകളിൽ, സൈദ്ധാന്തിക അടിത്തറയിൽനിന്നുള്ള പ്രകടമായ വ്യതിയാനങ്ങൾ ആവാമെങ്കിൽ എന്തുകൊണ്ട് വിശ്വാസങ്ങളിൽ അതു പാടില്ല എന്ന ചോദ്യം ഇവിടെ പ്രസക്തമാണ്. എന്നാണോ സി.പി.എം യാഥാർഥ്യത്തിലേക്കുണരുന്നത് അന്ന് മഹാസമൂഹത്തിൽ വെച്ചു ഞാൻ പാർട്ടിക്കു സ്തോത്രം പറയും. പ്രബലമായ പുരുഷാരത്തിൽനിന്ന് പാർട്ടിയെ സ്തുതിക്കും